**ക്രമപ്രശ്നം**

ജസ്റ്റീസ് പി. എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട്

ശ്രീ. സി. ആർ മഹേഷ്: സർ, 2016 ജൂലൈ 20-ന് ഹൈക്കോടതിയുടെ മുന്നിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്നുണ്ടായ പോലീസ് ലാത്തി ചാർജ്ജിലേയ്ക്ക് നയിച്ച സംഭവങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് ജസ്റ്റീസ് പി. എ. മുഹമ്മദ് കമ്മീഷനെ സർക്കാർ 2016 നവംബർ 8-ാം തീയതി നിയമിച്ചിരുന്നു. ആറ് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ച പ്രസ്തുത കമ്മീഷന്റെ കാലാവധി 43 മാസവും 18 ദിവസവും വരെ ദീർഘിപ്പിച്ചു നൽകിയ ശേഷം 2020 ജൂൺ 30-ാം തീയതി കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. 1952-ലെ The Commissions of Inquiry Act-ലെ Section 3 (4) പ്രകാരം എൻക്വയറി കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാൽ സർക്കാർ 6 മാസത്തിനുള്ളിൽ അതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സഹിതം നിയമസഭയിൽ സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത ആക്ടിലെ Section 3(4) പ്രകാരം, 'The appropriate Government shall cause to be laid before [each House of Parliament or, as the case may be, the Legislature of the State], the report, if any, of the Commission on the inquiry made by the Commission under sub-section (1) together with a memorandum of the action taken thereon, within a period of six months of

the submission of the report by the Commission to the appropriate Government.' ഈ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ട് 11 മാസം കഴിഞ്ഞിരിക്കുന്നു. 'Government shall' എന്ന പദമാണ് നിയമത്തിലുള്ളത്. സർക്കാരിന് താൽപ്പര്യമുള്ള വിഷയങ്ങളിൽ ആറ് മാസത്തിനുള്ളിൽ തന്നെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാനായി പ്രത്യേക നിയമസഭാ സമ്മേളനം വരെ വിളിച്ചുകൂട്ടിയിട്ടുള്ള കാര്യം ഓർമ്മിപ്പിക്കുന്നു. 2,77,44,814 രൂപ കമ്മീഷന്റെ പ്രവർത്തനത്തിന് ചെലവായിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയുമധികം തുക ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷനും ചെലവാക്കിയിട്ടില്ല. റിപ്പോർട്ട് ലഭിച്ച് 11 മാസം കഴിഞ്ഞിട്ടും അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഉൾപ്പെടെ സഭയിൽ വയ്ക്കാത്തത് പ്രസ്തുത നിയമത്തിന്റെ ലംഘനമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചാൽ ലഭിക്കുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ അതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സഹിതം സർക്കാർ നിയമസഭയിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016 ജൂലൈ 20-ാം തീയതി

ഹൈക്കോടതിയുടെ മുൻപിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്നുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിലേയ്ക്ക് നയിച്ച സംഭവങ്ങളെപ്പറ്റി അന്വേഷിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ, 30-06-2020-ന് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പരിഗണനാവിഷയങ്ങളിലെ പ്രാധാന്യവും ഉള്ളടക്കത്തിലെ വ്യാപ്തിയും കണക്കിലെടുത്ത് ഇക്കാര്യത്തിലുള്ള സമ്പൂർണ്ണ നടപടി റിപ്പോർട്ട് (ആക്ഷൻ ടേക്കൺ റിപ്പോർട്ട്) തയ്യാറാക്കാൻ കൂടുതൽ പരിശോധന ആവശ്യമായി വന്നു. കോവിഡ് മഹാമാരിമൂലം ഓഫീസുകളുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെട്ടതിനാലും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റചട്ടം നിലവിൽ വന്നതിനാലും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി കമ്മീഷൻ റിപ്പോർട്ടും നടപടി റിപ്പോർട്ടും നിയമസഭ മുൻപാകെ സമർപ്പിക്കാൻ സാധിച്ചിരുന്നില്ല. നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ടും ആക്ഷൻ ടേക്കൺ റിപ്പോർട്ടും അടുത്ത നിയമസഭാ സമ്മേളനത്തിൽ സമർപ്പിക്കുന്നതാണ്.

(2) നിയമസഭാ ചട്ടങ്ങളുടെ മലയാളം തർജ്ജമ

ശ്രീ. എ. പി. അനിൽ കുമാർ: സർ, മലയാളം ഔദ്യോഗിക ഭാഷയായി അംഗീകരിച്ച സംസ്ഥാനമാണ് നമ്മുടേത്. മലയാളം ശ്രേഷ്ഠഭാഷയാണെന്ന്

അങ്ങേയ്ക്കറിയാം. നിയമസഭയുടെ നടപടികളും നിയമങ്ങളും ഇന്ന് പൂർണ്ണമായും അവതരിപ്പിക്കുന്നത് മലയാളത്തിലാണ്. അതിലേയ്ക്ക് നമ്മുടെ നിയമസഭ വന്നതിന് ഒരു വലിയ ചരിത്രമുണ്ട്. തിരുവിതാംകൂർ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ നക്കൽ 09-08-1954-നാണ് തിരുവിതാംകൂർ നിയമസഭ പരിഗണിച്ച് പാസ്സാക്കിയത്. പനമ്പള്ളി ഗോവിന്ദമേനോനാണ് ഈ ചട്ടം അംഗീകരിക്കണമെന്ന പ്രമേയം സഭയിൽ അവതരിപ്പിച്ചത്. 1954 ആഗസ്റ്റ് 31-ന് ഈ ചട്ടം നിലവിൽവന്നു. 1956-ൽ കേരളം രൂപീകൃതമായപ്പോൾ  റീ-ഓർഗനൈസേഷൻ ആക്ടിന്റെ ഭാഗമായി നമ്മുടെ നിയമസഭയിലും അതേനിയമം പിന്തുടർന്നു. നിയമസഭയിൽ മുൻപ് ചർച്ചകൾ നടന്നത് ഇംഗ്ലീഷിലായിരുന്നുവെന്ന് അങ്ങേയ്ക്കറിയാം. 1950 കാലഘട്ടത്തിൽത്തന്നെ മന്ത്രിമാർ മലയാളത്തിൽ മറുപടി പറയണമെന്ന ആവശ്യം വളരെ സജീവമായി ഉയർന്നുവന്നിരുന്നു. 23-03-1950-ലെ ചട്ടപ്രകാരം മലയാളത്തിൽ സംസാരിക്കണമെന്ന് നിർബന്ധിക്കാൻ നിർവ്വാഹമില്ലെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെത്തുടർന്ന് തരിയത്ത് കുഞ്ഞിത്തൊമ്മനെന്ന അംഗം സഭയിൽ നിന്നിറങ്ങിപ്പോയത് ചരിത്രത്തിന്റെ ഭാഗമാണ്. 11-04-1950-ൽ ഹിന്ദു റിലീജിയസ് ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ മലയാളം പതിപ്പ് കിട്ടണമെന്ന് മന്നത്ത് പത്മനാഭൻ ആവശ്യപ്പെട്ടിരുന്നു. മലയാളം മാത്രം

പഠിച്ചിട്ടുള്ള നിർഭാഗ്യവാൻമാരായ എന്നെപ്പോലുള്ള എം.എൽ.എ.-മാരുടെ അവകാശങ്ങൾ ഇങ്ങനെ അടിക്കടി ലംഘിക്കുന്നത് കഷ്ടവും പാപവുമാണെന്ന് അതുമായി അനുബന്ധിച്ച് അദ്ദേഹം പറഞ്ഞു. 1969-ലെ കേരള ഒഫിഷ്യൽ ലാംഗ്വേജസ് ആക്ട് പ്രകാരം നിയമസഭയിൽ അവതരിപ്പിക്കുന്ന എല്ലാ ബില്ലുകളും നിയമസഭ പാസ്സാക്കുന്ന എല്ലാ നിയമങ്ങളും സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഓർഡിനൻസുകളും ഉത്തരവുകളും ചട്ടങ്ങളും ബൈലാകളും മലയാളത്തിലോ ഇംഗ്ലീഷിലോ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മലയാളത്തെ കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കുകയെന്നതായിരുന്നു അന്നത്തെ ഉദ്ദേശം. പിന്നീടത് പ്രഖ്യാപിച്ചു. ഇന്ന് ഞാൻ സൂചിപ്പിക്കാനുള്ള കാരണം, ഇതൊക്കെയായിട്ടും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ ഇന്ന് നമ്മൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 'ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ഒരു ആധികാരിക രേഖയല്ല' എന്നാണ് പറയുന്നത്. മലയാളത്തിൽ അവതരിപ്പിക്കുന്ന നിയമങ്ങൾപോലും ഇന്ന് ആധികാരികമാണ്. ഞാൻ രേഖകളെടുത്ത് പരിശോധിച്ചപ്പോൾ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ എന്ന ഇതേപുസ്തകം 2006-ൽ പ്രസിദ്ധീകരിച്ചതിൽ ഈയൊരു ഖണ്ഡിക

എഴുതിച്ചേർത്തിട്ടില്ല. 2019-ൽ പ്രസിദ്ധീകരിച്ചപ്പോൾ ഇത് ഉൾപ്പെടുത്തിയിരിക്കുകയാണ്. പഴയകാര്യങ്ങളല്ല ഇന്ന്. മാറിയ സാഹചര്യത്തിൽ ഈയൊരു കാര്യം നീക്കം ചെയ്യണം. മലയാള ഭാഷ ഔദ്യോഗിക ഭാഷയായി അംഗീകരിച്ച നമ്മുടെ സംസ്ഥാനത്തെ നിയമസഭയുടെ നടപടിക്രമങ്ങൾക്ക് വിഘാതമായി, മലയാളത്തെ അപമാനിക്കുന്ന രീതിയിലുള്ള പരാമർശമായി കാണേണ്ടിവരും. ചട്ടം 305-ൽ മലയാള ഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും നടപടിക്രമവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണം ആധികാരിക രേഖയല്ലെന്ന് പറയുന്നത് നീക്കം ചെയ്തുകൊണ്ട് ഇത് ആധികാരിക രേഖയാണെന്നുള്ളത് ഉറപ്പുവരുത്താനുള്ള നടപടി ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.